**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1215** **30.09.2016 ൽ മറുപടിയ്ക്ക്**

**<u>നമ്പർപ്ലേറ്റ് പ്രദർശിപ്പിക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ</u>**

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ്.പി. | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ വാഹനത്തിൽ പ്രദർശിപ്പിക്കുന്നതിൽ നിന്നും നിയമം മുഖേന ഒഴിവാക്കപ്പെട്ടിട്ടുള്ളത് ഏതെല്ലാം വാഹനങ്ങളെയാണെന്നതിന്റെ വിശദവിവരം നൽകാമോ; | (എ) | മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും പ്രകാരം വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ വാഹനങ്ങളിൽ പ്രദർശിപ്പിക്കുന്നതിൽ നിന്നും ഒരു വാഹനത്തെയും ഒഴിവാക്കിയിട്ടില്ല. |
| (ബി) | നിയമപ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ള-തല്ലാത്ത വാഹനങ്ങൾ യഥാവിധിയുള്ള നമ്പർപ്ലേറ്റ് പ്രദർശിപ്പിക്കാതെ നിരത്തിലോടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെ വകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയുമാണെന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ; | (ബി) | സർക്കാർ വകുപ്പുകളുടെയും അതിന്റെ ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾ നമ്പർ പ്ലേറ്റ് പ്രദർശിപ്പിക്കാതെ നിരത്തിൽ ഓടുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | ഇത്തരം നിയമലംഘനം നടത്തുന്ന വാഹനങ്ങളുടെ ഡ്രൈവർമാരുടെ പേരിൽ മാത്രമാണോ നടപടിക്ക് നിയമമുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | നിയമലംഘനം നടത്തുന്ന വാഹനങ്ങളുടെ ഉടമസ്ഥർക്കെതിരെയും ചട്ടപ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) | അത്തരം നിയമലംഘനം നടത്തുന്ന വാഹന ഉടമ/വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥൻ എന്നിവർക്കെതിരെ കൂടി നടപടി സ്വീകരിക്കുന്നകാര്യം പരിശോധിക്കുമോ? | (ഡി) | ഇതിന്റെ വിവിധ വശങ്ങൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ